മുക്തിപദമണയ്ക്കുന്ന കൃഷ്ണസൂക്തങ്ങൾ

ഈശ്വരഭക്തിയ്ക്കു ഭക്തനെ ഈശ്വരനോടു കൂട്ടിച്ചേർക്കാ നും ഈശ്വരനാക്കിത്തീർക്കാനും കഴിയും. ഭക്തി വെറും ഭഗവദ്ഭജനം മാത്രമല്ല ഭഗവാനായിത്തീരലുംകൂടിയാണ്. (പേജ് 30)

മനസ്സ് നമുക്കു പ്രകൃതി തന്നിട്ടുള്ള ഏറ്റവും വിശേഷപ്പെട്ട വിഭ വമാണ്, മൂല്യമാണ്, നിധിയാണ്. അതിനെ തത്ത്വവിചാരത്തിലൂടെ വേണ്ടുംവണ്ണം നയിച്ചാൽമതി സർവനേട്ടങ്ങളും കൈവരിയ്ക്കാൻ. (പേജ് 67)

വേദാന്തസാഹിത്യം പ്രതിപാദിച്ചു പ്രചരിപ്പിയ്ക്കുന്ന സുവിദിതനായ സംന്യാസനിഷ്ഠനാണ് സ്വാമി ഭൂമാനന്ദതീർഥർ. 23-ാം വയസ്സിൽ സംന്യാസവൃത്തി സ്വീകരിച്ചതോടെ അദ്ദേഹം അവിരതം അനശ്വരജ്ഞാനത്തിന്റെ മഹിമയെ, അസാധാരണമായ ആശയത്തെളിച്ചത്തോടും പ്രായോഗിക മേന്മയോടും കൂടി ഇന്ത്യയിലും വിദേശങ്ങളിലുമുള്ള ജിജ്ഞാസുക്കൾക്കു കലവറയില്ലാതെ ഉദ്ബോധിപ്പിച്ചു വരുകയാണ്. സ്വാമിജിയുടെ വാക്കുകൾ ഞെട്ടിയ്ക്കുന്ന യുക്തികൂർപ്പോടെയാണ് നാഗരികചിന്തകനെ ഗ്രസിയ്ക്കുന്നതെങ്കിൽ, അനുഭവസാന്ദ്രമായ ആത്മസിദ്ധിയുടെ ഗാഢസ്പർശത്തോടെയാണ് ആത്മാർഥജിജ്ഞാസുവിനെ ആശ്ലേഷിയ്ക്കുന്നത്.

പ്രകാശനചിന്തകൾ
ബദരിവിശാലം പൂകുന്ന ഉദ്ധവൻ

☐ കൃഷ്ണനെ തിരിച്ചുവിളിയ്ക്കാൻ ബ്രഹ്മാവ്

ശ്രീമദ്ഭാഗവതത്തിൽ പന്ത്രണ്ട് സ്കന്ധങ്ങളാണല്ലോ. അതിൽ മുക്തിസ്കന്ധമായ 11-ാമത്തേതു കൃഷ്ണൻ ഏറ്റവും അടുത്ത സേവകനായ ഉദ്ധവനു നല്കിയ അന്തിമോപദേശമാണ്. 6 മുതൽ 29 കൂടിയ അധ്യായങ്ങളിലാണ് ഈ കൃഷ്ണോദ്ധവസംവാദം. സംഭവബഹുലമായ ജീവിതം കഴിഞ്ഞ്, കൃഷ്ണൻ ഭൂമിയോടു വിടവാങ്ങാൻ തീരുമാനിച്ചതോടെയാണ് ഇതു വേണ്ടിവന്നത്. നിമിത്തമെന്നോണം ബ്രഹ്മാവ് വന്നു കൃഷ്ണനോടു തിരിച്ചുപോകാൻ അപേക്ഷിയ്ക്കയും ചെയ്തു. അപ്പോൾ കൃഷ്ണൻ പറഞ്ഞ വാക്കുകൾ അത്യപൂർവവും അതിനിർണായകവുംതന്നെ:

"ശരിയാണ്, എനിയ്ക്കു തിരിച്ചുപോരാറായിക്കഴിഞ്ഞു. ഉദ്ദേശിച്ചതെല്ലാം ഞാൻ നിർവഹിച്ചിരിയ്ക്കുന്നു. പക്ഷേ ഒരു കാര്യം ബാക്കിയുണ്ട്."

☐ സ്വകുലത്തെക്കൂടി മുടിച്ച് മടങ്ങാം

"എന്റെ ജീവിതവും കർമങ്ങളും വൃഷ്ണികുലത്തെ പ്രബലവും പ്രസിദ്ധവുമാക്കീട്ടുണ്ട്. അവരെ എതിർക്കാനോ തടുക്കാനോ ഇവിടെ ആരുമില്ല. ഞാനുള്ളപ്പോൾ അവർ നിയന്ത്രിതരാണ്. അല്ലെങ്കിലോ, കരകവിഞ്ഞൊഴുകുന്ന സമുദ്രംപോലെ, സമാജത്തെയാകെ അവർ നശിപ്പിച്ചേയ്ക്കും. അതിന് ഇടവരരുത്. അതിനാൽ അവരേക്കൂടി അവസാനിപ്പിച്ച്, അതിന്റെ ഭാഗമായി ഞാനും ദേഹം വിട്ടുകളയാം. അതുവരെ ക്ഷമിയ്ക്കൂ. സ്വർവാസികളെ ഈ വിവരം വേണ്ടതുപോലെ ധരിപ്പിയ്ക്കുക."

☐ കൃഷ്ണനെ വിട്ട് അരനിമിഷംപോലും വയ്യ

ബ്രഹ്മാവ് മടങ്ങി. പക്ഷേ വിവരം അറിഞ്ഞ ഉദ്ധവൻ ആകെ അസ്വസ്ഥനായി. കൃഷ്ണനെ വിട്ട് അരനിമിഷംപോലും അകന്നിരിയ്ക്കാൻ തനിയ്ക്കാവില്ല. അതിനാൽ കൃഷ്ണൻ പോകുന്നിടം തന്നേയും കൊണ്ടുപോകണമെന്നായി ഭക്തോത്തമൻ.

കൃഷ്ണന് എന്തും അധികമോ അസംഭാവ്യമോ അല്ല, ഉദ്ധവന്റെ ആവശ്യവും അതുപോലെതന്നെ. ആരും പോകുമ്പോൾ ഇനിയൊരാളെ കൊണ്ടുപോകുന്നതെങ്ങനെ, വാസ്തവത്തിൽ പോകലും വരവുമുണ്ടോ? ജീവൻ ദേഹമല്ലല്ലോ, ദേഹവിലക്ഷണമല്ലേ. ദേഹത്തിനുള്ള ജനനമരണങ്ങൾ അപ്പോൾ ജീവന് ഉണ്ടാകുന്നതെങ്ങനെ? വാസ്തവം

ഇങ്ങനെയാകവേ, ഉദ്ധവൻ പറഞ്ഞതിനെ എങ്ങനെ ഉൾക്കൊള്ളണം?

☐ വിരഹം എനിയ്ക്ക് തന്ന് ഇപ്പോഴേ പോകൂ

ഉദ്ധവന്റെ ചോദ്യം, ആവശ്യം, സങ്കടത്താലാണെന്നതു ശരി. അതിനും നിവാരണം വേണം. പക്ഷേ അതു സത്യവിരുദ്ധമാകരുത്.

കൃഷ്ണൻ സഹജമായ മികവോടെ പറഞ്ഞു:

"ദേഹവിയോഗത്തിൽ ഒരുവനെ കൂടെക്കൊണ്ടുപോകയോ? രണ്ടു പേർ ഒരുമിച്ചു ജനിയ്ക്കാം, എന്നാൽ മരിയ്ക്കാനാവില്ല. ഉദ്ധവന്റെ വിഷമം എനിയ്ക്കു നന്നേ മനസ്സിലാവുന്നുണ്ട്, അതു തീർക്കയും വേണം. ഞാൻ അതിനു തയ്യാറാണ്, കേൾക്കൂ.

"ഞാൻ പോയാൽപ്പിന്നെ ഉദ്ധവന് ഇവിടെ ഇരിയ്ക്കാൻ ആവില്ലെന്നല്ലേ. ഇരിയ്ക്കേണ്ടെന്നുതന്നെയാണ് എന്റേയും അഭിപ്രായം. ഏഴാം ദിവസം ദ്വാരകയെ ആകെ കടൽ വിഴുങ്ങും, എല്ലാം നശിയ്ക്കും. ഉദ്ധവനെപ്പോലുള്ളവർക്കു കഴിയാൻ പറ്റിയ അന്തരീക്ഷമാകില്ല ഭൂമിയിൽ.

"അതുകൊണ്ട് എന്നെ മനസ്സിൽ പ്രതിഷ്ഠിച്ച്, സമബുദ്ധിയോടെ സഞ്ചരിയ്ക്കൂ. ബദരികാശ്രമത്തിൽച്ചെന്ന് എന്നെ ധ്യാനിച്ചും, അളകനന്ദയിൽ കുളിച്ചും, സരളവും സ്വച്ഛവുമായി കഴിയൂ."

☐ വിട്ടുനീങ്ങാനുള്ള ശക്തി നല്കണേ

സ്വാമി ഒന്നു പറഞ്ഞാൽ, പിന്നെ ഭക്തനു വേറെയൊന്നും ചിന്തിയ്ക്കാനില്ല. അതേപടി ചെയ്യുക, അത്രതന്നെ. പക്ഷേ പാവം, ഇക്കണ്ടകാലം കൃഷ്ണസാമീപ്യത്തിൽ കഴിഞ്ഞ്, ഇപ്പോൾ അതു മുറിച്ചുകളഞ്ഞു പോകാൻ വയ്യ. താൻ തപസ്വിയോ വനകുടീരവാസിയോ അല്ലല്ലോ. മമതയും ആശാപാശവും മനസ്സിൽ ഇനിയുമുണ്ട്. അതു തുടച്ചുമാറ്റി കൃഷ്ണൻ പറഞ്ഞപോലെ പുറപ്പെടാൻ ശക്തി നല്കുംവിധം തനിയ്ക്കു തത്ത്വോപദേശം തരണേ എന്നായി ഉദ്ധവൻ.

സ്നേഹഭക്തി ഒന്ന്, അതിനൊത്ത വൈരാഗ്യവും ജ്ഞാനവും വേറെയൊന്ന്. അതില്ലാത്തതാണ് ഉദ്ധവന്റെ പ്രതിസന്ധി. അതു തീർത്തു കൃഷ്ണഹിതംപോലെ ചെയ്യാൻ തന്നെ പ്രബുദ്ധനും ശക്തനുമാക്കണേ എന്ന് ഉണർത്തിച്ചതും, കൃഷ്ണൻ തന്റെ അവസാന ഉപദേശം ഉദ്ധവനെ മുൻനിർത്തി തുടങ്ങിയതും അപ്പോഴാണ്.

ഈ പശ്ചാത്തലം വിട്ടുകളയരുത്, ലക്ഷ്യവും മറന്നുപോകരുത്.

☐ ഭക്തിയെ സഫലമാക്കുന്ന വൈരാഗ്യവും ജ്ഞാനവും

തികഞ്ഞ ഭക്തി ഉദ്ധവന്നുണ്ട്, ഒപ്പം വൈരാഗ്യവും വേണം, പരമസത്യം വെളിപ്പെടുത്തിത്തരുന്ന ആത്മജ്ഞാനവും. മൂന്നും കൂടിയാലേ അല്ലലും അലട്ടും നീങ്ങി ഉൾ നിറഞ്ഞ് ആത്മാഹ്ലാദത്തിൽ ആറാടിക്കൂടാനാകൂ. ഇതിൽ ഒരു മാറ്റവുമില്ലെന്നു കൃഷ്ണന്ന് അറിയാം.

☐ അന്ന് പോകരുതെന്ന് പോകൂവെന്ന് ഇന്ന്

അന്നു കുരുക്ഷേത്രത്തിൽവെച്ചു പെട്ടെന്നാണല്ലോ അർജുനൻ അമ്പും വില്ലും താഴെ വെച്ച്, യുദ്ധം ചെയ്യില്ല, പടക്കളം വിട്ടു പൊയ്ക്കള യാമെന്നു പറഞ്ഞ് ഇരുന്നത്. ഉടൻതന്നെ കൃഷ്ണൻ വാചാലനായി. പെട്ടെന്നായിരുന്നു ആ സംവാദം. രണ്ടു മണിക്കൂറിനുള്ളിൽ പാർഥനെ എഴുന്നേല്പിച്ച് അമ്പും വില്ലും എടുപ്പിച്ചു കൃഷ്ണൻ. വിവസ്വാനേയും ജനകനേയുമൊക്കെ ഉദ്ധരിച്ചുകൊണ്ടാണ് അന്നു സംസാരിച്ചത്.

ഇവിടത്തെ സ്ഥിതി തീരെ മറിച്ചാണ്. തന്നെ വിട്ട് ഉദ്ധവനു പോകാൻ കഴിയണം. അത് ഉടൻ വേണംതാനും. ഇതെങ്ങനെ സാധി യ്ക്കും? കൃഷ്ണൻ തെല്ലും സംശയിച്ചില്ല, താമസിച്ചതുമില്ല. തന്റെ തന്നെ പൂർവികൻയദുചക്രവർത്തിയെ ഉദ്ധരിച്ചുകൊണ്ടാണ് തത്ത്വോ ക്തികൾ ആരംഭിച്ചത്. പടിപ്പടിയായി ഉദ്ധവനെ മുക്തിസൗധം കയറ്റുന്നു ദ്വാരകാവാസി.

ഉദ്ധവഗീത എന്നുകൂടി പറയുന്ന ഈ സംവാദത്തിൽ 24 അധ്യായങ്ങ ളാണ്. അതിൽ 25 മുതൽ 29 കൂടി അഞ്ചധ്യായമാണ് ഈ പുസ്ത കത്തിൽ പ്രതിപാദിയ്ക്കുന്നത്.

☐ ഗുണത്രയമോചനം സജ്ജനസംഗത്താൽ

കൃഷ്ണന്റെ തനതായ സിദ്ധാന്തമാണ് ഗുണത്രയം, അവയുടെ സ്വാധീനവും, അതിൽനിന്നു സ്വതന്ത്രനാകാനുള്ള വഴിയും. കുരു ക്ഷേത്രത്തിലും കൃഷ്ണൻ ഇതു വിശദീകരിയ്ക്കയുണ്ടായി. എന്തിനും സത്തുക്കളുമായി സംഗവും, ദുർജനങ്ങളെ ഒഴിവാക്കലും ആവശ്യ മാണെന്നു പ്രത്യേകം വിശദീകരിയ്ക്കുന്നു.

☐ പൂജിച്ചാരാധിയ്ക്കുന്നത് എങ്ങനെ എന്തിന്

അനന്തരമാണ് ഭക്തി വളർത്താനുള്ള പൂജയും ആരാധനയും എങ്ങനെയെന്നു വർണശബളമായി വിവരിയ്ക്കുന്നത്. എന്തു വിഷയം എടുത്താലും, കൃഷ്ണന്റെ മനസ്സിലുള്ളതു വ്യക്തമാണ്. മനസ്സിന്റെ ഇടുക്കം മാറണം, വിശാലത വളരണം, എന്തിനോടും എല്ലാവരോടും സ്നേഹവും ദയവും സഹജമാകണം, നിരന്തരം. മനുഷ്യത്വം പോയി ദേവത്വം കൈവരണം.

പൂജയോ മറ്റ് അനുഷ്ഠാനങ്ങളോ ആകട്ടെ, എല്ലാം ഊന്നേണ്ടതു സ്വന്തം ഉൾവ്യക്തിത്വത്തിൽത്തന്നെ, മനസ്സിലും ബുദ്ധിയിലും. ആരാധിയ്ക്കുന്നതു സ്വന്തം അന്തരാത്മാവിനെയാണെന്നു ഗ്രഹിയ്ക്കു മ്പോഴാണ് ആരാധന സഫലമാകുന്നത്. തന്നുള്ളിലെ അവിച്ഛിന്നവും നിർവികാരവുമായ ഉണർവാണ് സർവ അസ്തിത്വങ്ങളിലുമെന്ന അനു ഭവദാർഢ്യത്തിലാണ് ജ്ഞാനം പരിസമാപിയ്ക്കുന്നത്.

28-ാം അധ്യായമാകുന്നതോടെ കൃഷ്ണൻ ആത്മജ്ഞാനഫലത്തെ

യാണ് തൊലിപൊളിച്ചു നല്കുന്നത്. വൈവിധ്യം നിറഞ്ഞ ലോകമാകെ വെറും ഉള്ളുണർവിന്റെ വിലാസവും വികാസവും മാത്രം.

☐ അന്ന് 'ഗുരു' ഇന്നോ 'ഉപദേഷ്ടാവ്'

അർജുനൻ ശിഷ്യനായി, കൃഷ്ണനെ ഗുരുവാക്കി ഉപദേശിപ്പിയ്ക്കുന്നതാണ് കുരുക്ഷേത്രത്തിലെ ദൃശ്യം. ഇവിടെയോ, ദ്വാരകാവാസിയെ ഏറ്റവും മികച്ച ഉപദേഷ്ടാവാക്കി അവരോധിച്ച്, മോഹത്തിൽ കഴിയുന്നതന്നെ ഉദ്ധരിയ്ക്കാൻ ഉദ്ധവൻ ആവശ്യപ്പെടുന്നു.

ആ ദൗത്യം സഫലമാക്കാനുള്ള വ്യഗ്രതയിൽ കൃഷ്ണന്റെ അവതരണത്തിന് ആഴവും വിസ്താരവും ജ്ഞാനദീപ്തിയും കൂടിക്കൂടിവരുന്നു. അസാധ്യം സാധ്യമാക്കുന്നതും അകലത്തുള്ളതിനെ അടുത്ത് അണയ്ക്കുന്നതുമാണ് കൃഷ്ണവാക്കുകൾ ഓരോന്നും. അതു വായിയ്ക്കുമ്പോൾ ആരും അദ്ഭുതപ്പെടും: സനാതനധർമം, ഹൈന്ദവധർമ സിദ്ധാന്തങ്ങൾ, ഇത്രകണ്ട് സത്യബദ്ധവും യുക്തിസഹവുമാണോ!

☐ പൂജിയ്ക്കപ്പെടുന്ന ദൈവം പൂജകന്നുള്ളിൽത്തന്നെ

എങ്ങും നിറഞ്ഞ ഈശ്വരനെ സ്വന്തം ഉള്ളിൽത്തന്നെയാണ് ആദ്യവും അവസാനവും തേടേണ്ടതെന്നു നിശ്ശങ്കം തെളിയിയ്ക്കുന്നു കൃഷ്ണൻ. ആരാണ് ഭഗവാൻ എന്ന ചോദ്യത്തിന്, സ്വന്തം ആത്മാവാണ് ഏകവസ്തു, വാസ്തവം; അതിന്റെ പര്യായപദങ്ങളാണ് ബ്രഹ്മവും, ഈശ്വരനും മറ്റെല്ലാംതന്നേയുമെന്ന് ഉറപ്പിച്ചുതരുന്നു ദ്വാരകാപതി.

ആത്മാവോ, ശുദ്ധജ്ഞാനം, ജ്ഞാനരൂപി; ദൃശ്യം ദ്രഷ്ടാ എന്ന വ്യത്യാസം ഇല്ലാതാക്കിത്തീർക്കുന്ന മഹത്തായ അനുഭൂതി! ഉദ്ധവന് മോഹം പോകണം, ഭേദബുദ്ധി മണ്ടണം, വേർപാടറ്റു പ്രബുദ്ധതയിൽ മുങ്ങിക്കുളിച്ച്, സർവ അല്ലലും അലട്ടും തീർന്ന്, അന്തരംഗം പവിത്രമായി, ജീവഭാവം വിട്ട് പരമാത്മത്തന്മ അണയണം. ഉദ്ധവനുമാത്രമല്ല, എല്ലാവർക്കുംതന്നെ ഇതേ സിദ്ധി കൈവരത്തക്കവിധമാണ് കൃഷ്ണന്റെ വിശകലനവും നിഗമനങ്ങളും.

☐ ഭക്തി വൈരാഗ്യയുക്തമായേ തീരൂ

ശ്രീമദ്ഭാഗവതം ഈശ്വരനേയും ഈശ്വരനോടുള്ള ഭക്തിയേയും കുറിച്ചെന്നപോലെ, ഭക്തി ശക്തമാകാനുള്ള വൈരാഗ്യത്തേയും പ്രതിപാദിയ്ക്കുന്നുണ്ട്. ഈശ്വരവിവരണം പ്രത്യക്ഷമായ ഒന്നിനെപ്പറ്റിയല്ല, പ്രത്യക്ഷപ്പെടുത്തേണ്ടതിനെപ്പറ്റിയാണ്.

വൈരാഗ്യപ്രതിപാദനം അങ്ങനെയല്ല. മനുഷ്യനെ വലയംചെയ്തുനില്ക്കുന്ന ലോകത്തേയും ലോകവസ്തുക്കളേയും കുറിച്ചാണ് വൈരാഗ്യം വളർത്തിയെടുക്കേണ്ടത്. അതിനാൽത്തന്നെ വൈരാഗ്യവിവരണത്തിനു വസ്തുനിഷ്ഠതയും ശക്തിയും കൂടും. ലോകവസ്തുക്കളേക്കുറിച്ചെന്നപോലെ മരണാനന്തരം കൈവരുമെന്നു പറയുന്ന ഫലങ്ങ

ളെക്കുറിച്ചും ശ്രീമദ്ഭാഗവതം തുറന്നു വിവരിയ്ക്കുന്നു.

ഇനിയുള്ളതു ജ്ഞാനമാണ്, എന്തിനെക്കുറിച്ച്? ഈശ്വരനെക്കുറിച്ചെന്നു തുടക്കത്തിൽ പറയാം; എന്നാൽ അങ്ങനെത്തന്നെയാണോ എന്നു ചോദിച്ചാൽ, അല്ലെന്നാകും ഉത്തരം. കാരണം, ഈശ്വരനെ വിശ്വസിച്ചു നീങ്ങിയാലും, വേഗമോ വൈകിയോ, എവിടെ, എങ്ങനെ എന്നൊക്കെയുള്ള ചോദ്യവും അന്വേഷണവും, മനസ്സിനെ പിടികൂടാതിരിക്കില്ല. അതിനുകൂടി ഉത്തരം നല്കിയാലേ, ഭാഗവതകർത്താവിന്റെ ഉദ്ദേശവും ദൗത്യവും മുഴുവനാകൂ. അതുകൊണ്ടാണ് ഭഗവാൻ എന്നു പറയുന്നതോടൊപ്പം ആത്മാ, പരമാത്മാ എന്നുകൂടി ശ്രീമദ്ഭാഗവതം പറഞ്ഞും കേട്ടും ചിന്തിച്ചും ശീലിപ്പിയ്ക്കുന്നത്.

ഭക്തിയും ഭഗവാനും വ്യാസദേവനു ധാരാളം പ്രതിപാദനവിഷയമാണ്; വൈരാഗ്യത്തെക്കുറിച്ചു പലേടങ്ങളിലും പരാമർശിയ്ക്കുന്നുണ്ടെങ്കിലും, തികഞ്ഞ വിവരണം നല്കുന്നിടം അധികമില്ല.

ഇന്ദ്രിയങ്ങളേയും, അവയ്ക്കു ലോകവസ്തുക്കളോടുള്ള ആകർഷണത്തേയുംപറ്റി കൊച്ചുപ്രഹ്ലാദനിലൂടെ അതിശക്തമായ അപഗ്രഥനം നല്കുന്നുണ്ട്. പക്ഷേ അതുകൊണ്ടായില്ല. മുതിർന്നവരുടെ ദൃഷ്ടിയിൽ ഇക്കാര്യത്തിൽ എന്താണ് വിചാരം, അത് എത്രകണ്ട് വിശ്വസനീയവും ഫലപ്രദവുമാണെന്ന തിരച്ചിൽ തള്ളിക്കളയാവുന്നതല്ല. ഏതു ശാസ്ത്രവും അന്വർഥമാകുന്നത് അതിലെ സന്ദേശം മനസ്സിൽ തുളഞ്ഞുകയറുമ്പോഴാണല്ലോ. ശാസ്ത്രപഠനംകൊണ്ട് ഇതു സാധിയ്ക്കണം.

മനുഷ്യരാശി എന്നും ഭിന്നരുചിക്കാരാണ്. എന്നുവെച്ചാൽ പലതരം സ്വഭാവവിശേഷങ്ങളാണ് ജനങ്ങളിൽ കാണുക. എക്കാലത്തും ഇത് അങ്ങനെയേ ആകൂ. ഒരാളിലുള്ള സ്വഭാവം അയാൾ സമ്പാദിച്ചെടുത്തതാണെന്നു പറഞ്ഞുകൂടാ. ജന്മം ഉണ്ടാവുന്നത് അച്ഛനമ്മമാരിൽനിന്നാണ്; അവരുടെ ജന്മമോ, അവരുടെ മാതാപിതാക്കളിൽനിന്നും.

ഇങ്ങനെ പിൻപിൻപൊയ്ക്കൊണ്ടിരിയ്ക്കേ, ഓരോ ശിശുവിനും അച്ഛനമ്മമാരിലെ വിശേഷതകൾ ലഭിച്ചതാണെന്നു തീർത്തു പറയുന്നതുശരിയല്ല. പ്രകൃതിഘടകങ്ങളായ സത്ത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളാണ് സൃഷ്ടിയിൽപ്പെട്ട എല്ലാവർക്കും രൂപംനല്കി ജീവിയ്ക്കാനും പ്രവർത്തിയ്ക്കാനും സമർഥരാക്കുന്നത്.

☐ മൂന്നവസ്ഥകൾ മൂന്നുഗുണങ്ങളുടേത്

ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്ന് അവസ്ഥകളാണല്ലോ. ഈ മൂന്നിലുമുണ്ട് നമുക്ക് അനുഭവങ്ങൾ. ജാഗ്രത്തിലാണ് തികഞ്ഞ വൈവിധ്യം. സ്വപ്നാവസ്ഥയിൽ സ്വന്തം അന്തരംഗം തനിയേ രചിയ്ക്കുന്ന സ്ഥൂലവസ്തുക്കളും സ്ഥൂലഉപകരണങ്ങളുമാണ്. സുഷുപ്തിയിലാകട്ടെ, എന്താണ് നടക്കുന്നതെന്ന് അറിയുന്നുമില്ല. എഴുന്നേല്ക്കു

മ്പോൾ, ഉറങ്ങിയെഴുന്നേറ്റുവെന്നേ പറയാനാവൂ. ഉറക്കത്തിൽ എന്തു സംഭവിച്ചുവെന്നു ജാഗ്രദവസ്ഥയിലെന്നപോലെ അറിയാനാവുന്നില്ല.

അറിവ് തുടർച്ചയായി നില്ക്കുന്ന ജാഗ്രത്തു സത്ത്വത്തിന്റേയും, സ്വപ്നം രജസ്സിന്റേയും, സുഷുപ്തി തമസ്സിന്റേയുമാണ്.

ചുരുക്കിപ്പറഞ്ഞാൽ കാണുന്നതും കേൾക്കുന്നതും വിചാരിയ്ക്കുന്നതും പ്രകൃതിപുരുഷന്മാരടക്കം മൂന്നു ഗുണങ്ങളുടെ രചനാവിശേഷം തന്നെ.

സത്ത്വഗുണം വർധിയ്ക്കണമെങ്കിൽ ഭക്ഷണം സാത്ത്വികമാകണം. ഇന്ദ്രിയങ്ങൾകൊണ്ടും മനസ്സുകൊണ്ടും ചെയ്യുന്നതൊക്കെയും എത്രയും പവിത്രവുമാകണം. സമ്പർക്കവ്യവഹാരങ്ങൾ പവിത്രമാകുന്നതും സത്ത്വഗുണം വർധിയ്ക്കാനുള്ള വഴിയാണ്.

☐ ഗുണങ്ങളാൽത്തന്നെ ഗുണജയവും

സത്ത്വഗുണപരിശീലനംകൊണ്ട് രജോഗുണത്തെ സ്വാധീനിച്ച് അതിശയിയ്ക്കാം. രജസ്സുകൊണ്ട് തമസ്സിനേയും കവച്ചുവെയ്ക്കാൻ കഴിയും. വൈവിധ്യം ഇല്ലാതാകാൻ പോകുന്നില്ലെങ്കിലും, അതിനുള്ളിൽത്തന്നെ നല്ലതു നേടിയെടുക്കാനും, അങ്ങനെയല്ലാത്തതു വർജിയ്ക്കാനുമുള്ള വിവേകവും ആത്മബലവും കൈവരും. അതുപോരേ കാര്യം നേടാൻ, ജീവിതം സുഭഗമാകാൻ?

ഈശ്വരസാക്ഷാത്കാരത്തിന് ഉതകുന്നതാണ് മനുഷ്യദേഹമെന്നറിഞ്ഞാൽ ഭഗവത്സേവാനിരതരായി കഴിയുന്നതാണല്ലോ ഏവർക്കും ഉചിതം. അതുകൊണ്ടേ ശരിയായ നന്മ കൈവരൂ. എല്ലാവരിലും അന്തരാത്മാവായി പരിലസിയ്ക്കുന്ന ഈശ്വരനെ പ്രാപിയ്ക്കുന്നതിൽ ഒരു തടസ്സവാദവും ഉന്നയിയ്ക്കാനില്ല. മറിച്ച്, ഈ സത്യം മേല്ക്കുമേൽ അറിയാനും, അതനുസരിച്ചു മുന്നേറാനുമുള്ള പ്രേരണയാണ് ഏവരിലും ശക്തമാകുക.

അഹങ്കാരമെന്ന 'ഞാൻ' തീരെ ഇല്ലാതാകുന്നതാണ് ഒരുനിലയ്ക്ക് ഈശ്വരപ്രാപ്തി. ഇതു സാധിച്ച ജ്ഞാനിയ്ക്കും പ്രകൃതിഗുണങ്ങളിൽനിന്ന് ഒഴിവാകാനാകില്ലെങ്കിലും, ഗുണകാര്യങ്ങൾ തത്ത്വജ്ഞനെ തീരെ ബന്ധിയ്ക്കുന്നില്ല.

ഗുണങ്ങളുടെ കൂടെ, അവയുമായി സമ്പർക്കം പുലർത്തിക്കൊണ്ടിരിയ്ക്കുമ്പോഴും, ഭക്തനും ജ്ഞാനിയും നിർബാധിതരാണ്. ഇതു സാധിയ്ക്കുന്നതിൽ പ്രധാനഘടകം ദുഷ്ടജനങ്ങളുമായുള്ള സംസർഗം ഒഴിവാക്കുന്നതത്രെ.

വിഷയവിവരം

1

1-36

- ത്രിഗുണങ്ങളുടെ സ്വാധീനങ്ങൾ
- ലോകചക്രം തിരിയ്ക്കുന്നത് ഗുണസമ്മിശ്രം
- സത്ത്വം ശമം, രജസ്സ് കാമം, തമസ്സ് ക്രോധം
- ഗുണങ്ങളെ രചിയ്ക്കുന്നത് മനസ്സ്
- തുരീയം മൂന്നവസ്ഥയിലും
- ഗുണത്രയത്തിനുള്ള ഗതികൾ
- ജ്ഞാനം നാലുതരം
- വാസസ്ഥലങ്ങളിലും ഗുണഭേദം
- ഗുണവാൻ നിർഗുണൻ
- ഗുണമയം ഗുണജയം
- ജീവന്മുക്തൻ ബ്രഹ്മപൂർണൻ

2

37-69

- ഈശ്വരന്റെ നിസ്സംഗം മനുഷ്യന്നും ആകാം
- ദുസ്സംഗം വിട്ട പുരൂരവസ്സിന്റെ മുക്തിഗാനം
- സർവവും വിസ്മരിപ്പിയ്ക്കുന്ന സ്ത്രീസംഗം
- സ്ത്രീഹൃതന് മറ്റെല്ലാ നേട്ടവും നിഷ്ഫലം
- പ്രണയിനി പറഞ്ഞും കേൾക്കാത്ത മൂഢൻ
- ദേഹത്തിലെ ആത്മബുദ്ധി അധ്യാസകൃതം
- സ്ത്രീരതസംഗം വർജിയ്ക്കുക
- ആത്മഗാനത്തിന്റെ അതിശയഫലം
- ഭക്തിലാഭത്തിന് മീതെ ഒന്നുമില്ല
- സത്തുക്കൾ ഉറ്റ ബന്ധുക്കൾ
- ആത്മാരാമസഞ്ചാരിയായ മഹാരാജ
- മനസ്സിനെ ദുഷിയ്ക്കാതെ നിധിയാക്കുക
- മുക്തിസ്കന്ധത്തിന്റെ അദ്ഭുതമഹിമ
- ഭക്തമനസ്സിലെ വിരഹത്തുടിപ്പ്
- സാന്ത്വനഗാനവുമായി ദ്വാരകക്കൃഷ്ണൻ
- കുലടമനസ്സിനെ സമ്പന്നമാക്കിയ വിരാഗഗാനം
- എന്തിനും പരിഹാരം തന്നുള്ളിൽത്തന്നെ
- സജ്ജനബന്ധം സർവദോഷഹരം

3
71-111

- നിത്യപൂജയ്ക്കുള്ള വിശദപദ്ധതി
- സംക്ഷിപ്തപൂജാവിധി
- പ്രതിമകൾ എട്ടുവിധം
- ഭക്തിയില്ലാസമർപ്പണം നിഷ്പ്രയോജനം
- പൂജാനന്തരം കഥാകീർത്തനം അത്യാവശ്യം
- ശ്രദ്ധ തോന്നുന്നിടത്ത് പൂജിയ്ക്കാം
- ക്ഷേത്രകാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യണം
- നിരപേക്ഷഭക്തി സർവശ്രേഷ്ഠം

4
113-136

- സ്തുതിനിന്ദകൾ ഒഴിവാക്കുക
- ആത്മഭിന്നമായി ഒന്നുംതന്നെയില്ല
- സംസാരം ദേഹിദേഹത്തിനല്ലെങ്കിൽ ആർക്ക്
- ഉറക്കത്തിൽ ഇല്ലെങ്കിൽ ഒരിയ്ക്കലുമില്ല
- ഇല്ലാത്തതും അനുഭവപ്പെടാം സ്വപ്നംപോലെ
- ശോകമോഹം അഹങ്കാരത്തിന് ആത്മാവിനല്ല
- സംസാരം ദേഹേന്ദ്രിയരചന
- അമൂലസംസാരത്തെ അറുത്തുകളയുക
- പൊന്നിനങ്ങൾ പൊന്മയം, ദൃശ്യങ്ങൾ ദൃങ്മയം
- മുമ്പും പിമ്പും ഇല്ലാത്തത് മധ്യത്തിലുമില്ല
- ഇല്ലാപ്രപഞ്ചം എങ്ങനെയോ വിലസുകയാണ്
- ഉൾതൃപ്തനായി ആഗ്രഹങ്ങളോട് വിടപറയൂ

വിഷയവിവരം

5

137-158

- ദേഹതലത്തിലെയൊന്നും ആത്മാവിൽ ഏശില്ല
- ഗുണസംഗം ത്യജിയ്ക്കുക
- രോഗചികിത്സയെപ്പോലെ യോഗചികിത്സയും
- ഉൾസുഖത്താൽ ജ്ഞാനി നിർബാധിതൻ
- ആത്മമഗ്നൻ ദേഹചലനം അറിയുന്നില്ല
- ആത്മാ ഗ്രഹണത്യജനത്തിന് വിധേയമല്ല
- ആത്മാ സർവാലംബം
- യോഗിരോഗത്തിന് യോഗംതന്നെ പ്രതിവിധി
- തപോമന്ത്രകീർത്തനങ്ങളാലും രോഗശാന്തി
- ആരോഗ്യം യോഗസിദ്ധി നേടാനാകരുത്
- ഒടുക്കം ഈശ്വരൻതന്നെ സർവാശ്രയം
- നിസ്പൃഹയോഗിയ്ക്ക് വിഷമങ്ങളുണ്ടാകില്ല

6

159-182

- പെട്ടെന്ന് ഫലിയ്ക്കുന്ന ഭക്തിചര്യ
- ഈശ്വരന്റെ ദാസസ്നേഹം അസീമം
- ഈശ്വരനോടുള്ള കടം തീർക്കാനാവില്ല
- മൃത്യുവെ ജയിയ്ക്കുന്ന ഭക്തിധർമം
- സർവഭൂതങ്ങളും ഈശ്വരന്റെ ഭാവങ്ങൾ
- സർവരേയും സർവത്തേയും പ്രണമിയ്ക്കുക
- ഈശ്വരന് അർപ്പിച്ച പാഴ്വേലയും പരമധർമം
- അന്യതദേഹത്തിലിരുന്നും അമൃതസിദ്ധി

7

183-203

- ഭക്തർക്കേ പരമധർമം ഉപദേശിയ്ക്കാവൂ
- പറഞ്ഞത് കേട്ട് മോഹം നീങ്ങിയോ
- ദോഷഹീനർക്കേ ഭക്തിമുക്തി ഉണർത്താവൂ
- അമൃത് കഴിച്ചവനു പിന്നെയൊന്നും വേണ്ട
- കർമംവെടിഞ്ഞ് സ്വയമർപ്പിച്ചാൽ അമൃതത്വം
- മോഹം നീങ്ങി ഉദ്ധവൻ തിളങ്ങി
- ബദരീവിശാലം പൂകാൻ അനുജ്ഞ
- മെതിയടിയേറ്റി ഉദ്ധവൻ വിടവാങ്ങുന്നു
- കൃഷ്ണമനസ്സോടെ ശ്രീഹരിപ്രാപ്തി
- ജഗത്തിനെ മോചിപ്പിയ്ക്കുന്ന അമൃതുവെണ്ണ
- ഭൃത്യരെ വേദസാരം കുടിപ്പിച്ച കൃഷ്ണൻ

205-212

- അനുക്രമണിക